# Malayala Manorama

## 15 August 2018

## Thiruvananthapuram: Flood Relief Fund, Chief Minister, After Flood



# ജീവനക്കാർ രണ്ടു ദിവസത്തെ ശമ്പളം നൽകണം: മുഖ്യമന്ത്രി

തിരുവനന്തപുരം● കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ സർക്കാർ, പൊതുമേഖലാ, കമ്പനി ജീവനക്കാരുടെ രണ്ടു ദിവസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർഥിച്ചു. പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളുടെ സിഎസ്ആർ, പൊതുനന്മ ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യണം.

കേന്ദ്ര സർക്കാരിന്റെ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് അധിഷ്ഠിതമായി സംഭാവനചെയ്യാനുള്ള സംവിധാനം സംസ്ഥാന സർക്കാരിന്റെ www.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. ഈ സംഭാവനകൾക്കുള്ള രസീതും ആദായനികുതി ഇളവിനുള്ള സർട്ടിഫിക്കറ്റും തത്സമയം നൽകും. എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ 155300എന്നഫോൺനമ്പറിൽബന്ധപ്പെടണമെന്നു മുഖ്യമന്ത്രി പറഞ്ഞു.

പൊലീസിലെ എല്ലാ ജീവനക്കാരുടെയും ശമ്പളത്തിലെ നിശ്ചിത തുക ദുരിതാശ്വാസ നിധിയിലേക്കു സംഭവാന നൽകാൻ ഡ്രോയിങ് ആൻഡ് ഡിസ്ബേഴ്സ്മെന്റ് ഓഫിസർമാരെ നിയോഗിച്ചതായി സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു.

## സംഭാവന നൽകാൻ പലവഴികൾ

### എസ്ബിഐ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഓൺലൈൻ സംഭാവന നൽകുന്നവർക്ക് എസ്ബിഐയുടെ നെറ്റ്ബാങ്ക്, വിപിഎ (keralacmdrf@sbi), ക്യുആർ കോഡ് എന്നീ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം. (www.cmo.kerala.gov.in, www.cmdrf.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ വിശദവിവരം ലഭിക്കും).

വിദേശത്തുനിന്നുള്ളവരുടെ സംഭാവനകൾ സ്വീകരിക്കുന്നതിനു വിദേശ സംഭാവന നിയന്ത്രണ ചട്ടത്തിൽ ഇളവുകൾ വരുത്തി പരിധിയില്ലാത്ത തുകയ്ക്കുള്ള സംഭാവനകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതു ശാഖയിലൂടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി അക്കൗണ്ടിലേക്ക് (A/c No. 67319948232, IFCS Code: SBIN0070028, Swift Code: SBININBBT08 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം) നൽകാം. കൂടുതൽ വിവരങ്ങൾക്ക് ഇമെയിൽ: cmdrf.cell@gmail.com. ഫോൺ: 0471-2518310, 2518684, 83300 91573.

### ഫെഡറൽ ബാങ്ക്

കൊച്ചി ● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന ഇനി മുതൽ ഫെഡറൽ ബാങ്കിന്റെ പാളയം ശാഖയിൽ സർക്കാർ ആരംഭിച്ച അക്കൗണ്ടിലൂടെ കൈമാറാം. അക്കൗണ്ട് നമ്പർ: 10210100412397. ഐഎഫ്എസ്സി: FDRL0001021. ഓൺലൈനായോ ഫെഡറൽ ബാങ്ക് ശാഖകളിലെത്തിയോ പണമടയ്ക്കാം.